കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഹൈക്കോടതി ഏർപ്പെടുത്തിയ നിരോധനം നിലവിലുണ്ട്.

(ബി) കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ കശുമാവ് തോട്ടങ്ങളിൽ ഇപ്പോൾ കീടനാശിനികളൊന്നും ഉപയോഗിക്കുന്നില്ല. കാസർഗോഡ് ജില്ലയിലെ പെരിയ ഡിവിഷനിൽ 5 കൊല്ലത്തേയ്ക്ക് കീടനാശിനികൾ തളിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. (പെസ്റ്റിസൈഡ് ഹോളിഡേ).

(സി) ഉദിക്കുന്നില്ല.

ഓൺലൈൻ ലോട്ടറി കേസ്സിന്റെ നടത്തിപ്പ്

*9 [213] ശ്രീ. സാജു പോൾ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറി കേസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ആക്ഷേ പങ്ങളെക്കുറിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ ലോട്ടറി നടത്തിപ്പുകാരിൽ നിന്നും എത്ര കോടി രൂപ യാണ് നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽ എന്ത് തുക പിരിച്ചെടുത്തുവെന്ന് അറിയിക്കാമോ;

(ഡി) ഓൺലൈൻ ലോട്ടറി നടത്തിപ്പുകാരിൽ നിന്ന് നികുതി പിരിച്ചെടു ക്കാൻ പാടില്ലെന്ന ഏതെങ്കിലും കോടതിവിധി നിലവിലുണ്ടോ;

(ഇ) അപ്രകാരം തടസ്സമില്ലെങ്കിൽ പ്രസ്തുത നികുതി പിരിച്ചെടുക്കു വാനുള്ള മറ്റ് തടസ്സങ്ങളെന്താണെന്ന് വിശദമാക്കാമോ;

(എഫ്) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യ ത്തിൽ ഈ നികുതി പിരിച്ചെടുക്കുന്നത് ഗൗരവമായി പരിഗണിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഓൺലൈൻ ലോട്ടറി കേസ്സിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറി അന്വേഷണം നടത്തി വരുന്നു. നികുതി സംബന്ധമായ ആക്ഷേപങ്ങളെക്കുറിച്ച് നികുതി വകുപ്പ് സെക്രട്ടറിയും അന്വേഷിച്ചുവരുന്നു.

(ബി) നികുതി നിർണ്ണയം പൂർത്തിയാകാത്തതിനാൽ ഓൺലൈൻ ലോട്ടറി നടത്തിപ്പുകാരിൻ നിന്ന് പിരിച്ചെടുക്കാനുള്ള തുക എത്രയാണെന്ന് കൃത്യമായി ഇപ്പോൾ പറയുവാൻ കഴിയില്ല.

(സി) 526.09 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്. കോടതിവിധിയിലൂടെയും സ്റ്റേ മൂലവും നികുതി പിരിവിൽ തടസ്സം നേരിട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) നിലവിൽ സ്റ്റേ ഇല്ലെങ്കിലും ഇടയ്ക്കിടെ കോടതിവിധികളിൽ മാറ്റം വരികയും സ്റ്റേ നിലവിൽ വരികയും ചെയ്യുന്നതിനാൽ ഫലപ്രദമായി നികുതി പിരിച്ചെടുക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(എഫ്) ഗൗരവമായി പരിഗണിച്ചുവരുന്നു.

പൊതുകമ്പോളത്തിലെ അരിയുടെ വിലവർദ്ധന

*10 [214] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുകമ്പോളത്തിൽ അരിയുടെ വില വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആന്ധ്രയിൽ നിന്നും പൊതുമാർക്കറ്റുകളിലേക്കുള്ള അരിയുടെ വരവ് നിലച്ചതാണ് വിലക്കയറ്റത്തിന് കാരണമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ആന്ധ്ര സർക്കാർ മറ്റ് സംസ്ഥാനങ്ങളിലേക്ക് അരി കൊണ്ടു പോകുന്നത് നിയന്ത്രിച്ചതുമൂലം സംസ്ഥാനത്തേയ്ക്കുള്ള അരിയുടെ വരവ് കുറഞ്ഞത് പരിഹരിക്കാൻ ആന്ധ്ര ഗവൺമെന്റുമായി സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെടുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ചില്ലറ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുള്ളതല്ലാതെ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) നിയന്ത്രണങ്ങൾ നിലവിലില്ല എന്ന് ആന്ധ്ര സർക്കാർ തന്നെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly